## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 395** **27.09.2016-ൽ മറുപടിയ്ക്ക്**

## ചെറായി അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| **ശ്രീ.എസ്.ശർമ്മ** | |
| (എ) വെപ്പിൻ മണ്ഡലത്തിലെ ചെറായി സബ്സ്റ്റേഷൻ, പുതിയ സെക്ഷൻ ഓഫീസ് എന്നിവയ്ക്ക് പരിഹാരം കാണണമെന്ന ആവശ്യം ഉന്നയിച്ച് കാക്കനാട് കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ ബഹുമാനപ്പെട്ട മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ എം. എൽ. എ. നൽകിയ കത്തിൻമേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കുമോ; | (എ) നോർത്ത് - പറവൂർ - ചെറായി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ പരിഗണനയിലാണ്.<br>വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ചും ചെറായി ഇലക്ട്രിക്കൽ സെക്ഷന്റെ ചെറിയ ഭാഗം ഉൾപ്പെടുത്തിയും എടവനക്കാട് കേന്ദ്രീകരിച്ച് ഇലക്ട്രിക്കൽ സെക്ഷനും വൈപ്പിൻ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ചും വരാപ്പുഴ സെക്ഷന്റെ ചെറിയഭാഗം ഉൾപ്പെടുത്തിയും മുളവുകാട് കേന്ദ്രീകരിച്ച് ഇലക്ട്രിക്കൽ സെക്ഷനും- മുള്ള പ്രൊപ്പോസലുകളാണ് നിലവിലുള്ളത്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് |

പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഞാറയ്ക്കൽ, ചെറായി, വൈപ്പിൻ, വരാപ്പുഴ എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

| | | | |
|---|---|---|---|
| (ബി) | ചെറായി സബ്സ്റ്റേഷൻ പ്രാവർത്തികമാക്കുന്നതിന് അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ചെറായി സബ്സ്റ്റേഷനു വേണ്ടി യു.ജി. കേബിൾ സംവിധാനം നടപ്പിലാക്കാൻ താഴെപ്പറയുന്ന തടസ്സങ്ങളുണ്ട്.<br><br>നിർദ്ദിഷ്ട ലൈനിന്റെ (ഒ.എച്ച്.) നീളം 7 കിലോമീറ്റർ ആണ്. യു.ജി. കേബിൾ നിലവിലുള്ള റോഡുകളുടെ വശങ്ങളിൽ കൂടി വലിക്കേണ്ടി വരുന്നതിനാൽ ഈ നീളം 10 കിലോമീറ്റർ ആയി വർദ്ധിക്കും. ഇതു കാരണം പദ്ധതി അടങ്കൽ തുകയിൽ ഏകദേശം 40 കോടി രൂപയുടെ വർദ്ധനവുണ്ടാകും. |

Hemalatha

**സെക്ഷൻ ഓഫീസർ**